# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 10**

---

## പി.ജി. ഏകജാലകം; മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

മൂന്നാം അലോട്ട്മെൻറ് ലഭിച്ചവരും ഒന്നും രണ്ടും അലോട്ട്മെൻറുകളിൽ താത്കാലിക പ്രവേശനമെടുത്ത് നിൽക്കുന്നവരും നാളെ(ജൂലൈ 12) വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ നേരിട്ട് ഹാജരായി സ്ഥിര പ്രവേശനം എടുക്കണം.

ഈ സമയപരിധിക്കുള്ളിൽ സ്ഥിര പ്രവേശനം നേടാത്തവരുടെ അലോട്ട്മെൻറ് റദ്ദാക്കപ്പെടും. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് ഇവർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെൻറ് വരുന്നതുവരെ വരെ താത്കാലിക പ്രവേശനത്തിൽ തുടരാം.

(പി.ആർ.ഒ/39/782/2023)

## എസ്.സി,എസ്.ടി വിഭാഗക്കാർക്കുള്ള പ്രത്യേക ആലോട്ട്മെൻറ് രജിസ്ട്രേഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ  അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൽ പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലെ ഒഴിവുകളിലേക്ക് ഒന്നാം പ്രത്യേക അലോട്മെൻറിന് ഇന്ന്(ജൂലൈ 11) വൈകുന്നേരം അഞ്ചുവരെ ഓൺലൈൻ രജിസ്ട്രേഷൻ/ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം.

(പി.ആർ.ഒ/39/783/2023)

## പരീക്ഷ മാറ്റിവച്ചു

ഒന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2021, 2020, 2019 അഡ്മിഷൻ സപ്ലിമെന്ററി) ബിരുദാനന്തര

ബിരുദ പരീക്ഷകളുടെ ഇന്നു(ജൂലൈ 11) മുതൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 13 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/784/2023)

## ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാം; സ്പോട്ട് അഡ്മിഷൻ

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിലെ(ഐ.എം.പി.എസ്.എസ്) പഞ്ചവത്സര സോഷ്യൽ സയൻസ് ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നാളെ(ജൂലൈ 12) നടക്കും.

അൻപതു ശതമാനം മാർക്കോടെ പ്ലസ് ടു വിജയിച്ച വിദ്യാർഥികൾക്കാണ് അവസരം. ഇ.ഡബ്ല്യു.എസ്, പട്ടികജാതി-പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്ലസ് ടൂവിന് 45 ശതമാനം മാർക്ക് മതിയാകും.

താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലുമായി നാളെ ഐ.എം.പി.എസ്.എസ് ഓഫീസിൽ എത്തണം. ഫോൺ : 9717039874, ഇ-മെയിൽ: impss@mgu.ac.in

(പി.ആർ.ഒ/39/785/2023)

## വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റുകളിലെ മുഴുവൻ സമയ വിദ്യാർഥികളുടെ മണ്ഡലത്തിൽനിന്നും സർവകലാശാലാ സ്റ്റുഡന്റ്സ് കൗൺസിലിലേക്ക് നടത്തുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ജൂലൈ 19ന് പുറപ്പെടുവിക്കും. ഓഗസ്റ്റ് 22നാണ് തിരഞ്ഞെടുപ്പ്.

(പി.ആർ.ഒ/39/786/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**